ജില്ലാ കോടതി, തൃശ്ശൂർ

എ 6-20/2026 (എ)

ജില്ലാ കോടതി, തൃശ്ശൂർ,
തിയ്യതി : 10.06.2026.
ഫോൺ : 0487 - 2360248
ഇ-മെയിൽ : dcourttsr.ker@nic.in

വിജ്ഞാപനം

തൃശ്ശൂർ ജില്ലയിലെ ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികളിൽ 2026 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ വരുന്ന പ്രതീക്ഷിത ഒഴിവുകളിലേക്ക് താഴെ പറയുന്ന താൽക്കാലിക തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതിനായി അപേക്ഷകൾ ക്ഷണിക്കുന്നു.

വകുപ്പ്:- സിവിൽ ജുഡീഷ്യറി.

ക്രമ നമ്പർ	തസ്തിക	വേതനം	കോടതിയുടെ പേര്	ഒഴിവുകളുടെ എണ്ണം
1.	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	₹ 24,590/-	ഫാസ്റ്റ് ട്രാക്ക് സ്പെഷൽ കോടതി, കൊടുങ്ങല്ലൂർ	1.
			ഫാസ്റ്റ് ട്രാക്ക് സ്പെഷൽ കോടതി, ചാവക്കാട്	1.
			ഫാസ്റ്റ് ട്രാക്ക് സ്പെഷൽ കോടതി, ചാലക്കുടി	1.
2.	കമ്പ്യൂട്ടർ അസിസ്റ്റന്റ്/എൽ.ഡി. ടൈപ്പിസ്റ്റ്	₹ 23,360/-	ഫാസ്റ്റ് ട്രാക്ക് സ്പെഷൽ കോടതി, ഇരിങ്ങാലക്കുട.	1.
			ഫാസ്റ്റ് ട്രാക്ക് സ്പെഷൽ കോടതി, കൊടുങ്ങല്ലൂർ.	1.
3.	ഓഫീസ് അറ്റൻഡന്റ്	₹ 20,280/-	ഫാസ്റ്റ് ട്രാക്ക് സ്പെഷൽ കോടതി-I, തൃശ്ശൂർ.	1.
			ഫാസ്റ്റ് ട്രാക്ക് സ്പെഷൽ കോടതി-II, തൃശ്ശൂർ.	1.
			ഫാസ്റ്റ് ട്രാക്ക് സ്പെഷൽ കോടതി, വടക്കാഞ്ചേരി.	1.

യോഗ്യത:-

1. അപേക്ഷകർ കോടതികളിൽ നിന്നോ, കോടതിയോട് സമാനതയുള്ള വകുപ്പുകളിൽ നിന്നോ അല്ലെങ്കിൽ മറ്റു സർക്കാർ വകുപ്പുകളിൽ നിന്നോ വിരമിച്ചവർ ആയിരിക്കണം.
2. അപേക്ഷകർക്ക് 62 വയസ്സ് പൂർത്തിയാകാൻ പാടുള്ളതല്ല.
3. കോടതികളിൽ നിന്നും വിരമിച്ചവർക്ക് മുൻഗണന ഉണ്ടായിരിക്കും.